പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 195 — 17/06/2014-ൽ മറുപടിക്ക്

# വൈതരണി കൽക്കരിപ്പാടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. എം.എ. ബേബി<br>'' എ.കെ. ബാലൻ<br>,, പി. ശ്രീരാമകൃഷ്ണ ൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) ഒറീസയിലെ വൈതരണിയിൽ കേരളത്തിന് അനുവദിച്ചിരുന്ന കൽക്കരിപ്പാടം മുൻ കേന്ദ്ര സർക്കാർ തിരിച്ചെട്ടു ത്തിട്ടുണ്ടോ; നിലവിലുള്ള സ്ഥിതിയെന്താണെന്ന് അറിയിക്കുമോ ; | (എ) ബൈതരണി കൽക്കരിപ്പാടം അനുവദിച്ച നടപടി കേന്ദ്രസർക്കാർ റദ്ദ ചെയ്തിട്ടുണ്ട്. ഈ ഉത്തരവ് ഇതുവരെ പുന:പരിശോധിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) കേ ന്ദ്ര സർക്കാർ നടപടി പുനഃപരിശോധിക്കു ന്നതിന് എ ന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളത് ; ഇതിനകം നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ ; | (ബി) കൽക്കരിപ്പാടം റദ്ദാക്കിയ നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.യും സംസ്ഥാന സർക്കാരും BWCCL എന്ന സംയുക്ത സംരംഭവും കൽക്കരി മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാവണമെന്നാവശ്യപ്പെട്ട് സംസ്ഥാന വൈദ്യുതി മന്ത്രിയും, മുഖ്യമന്ത്രിയും കേന്ദ്ര കൽക്കരി മന്ത്രിക്കും, പ്രധാനമന്ത്രിക്കും പല തവണ നിവേദനം നൽകിയിട്ടുണ്ട്. |
| (സി) ഇക്കാര്യ ത്തിൽ എ ന്തെങ്കിലും നിയമ നടപടികൾക്ക് തീരുമാനിച്ചിട്ടുണ്ടോ;<br><br>(ഡി) ഉ ണ്ടെങ്കി ൽ അതിന്റെ നിലവിലുള്ള സ്ഥിതി അറിയിക്കുമോ; | **(സി) യും (ഡി) യും**<br><br>ബൈതരണി കൽക്കരിപ്പാടം തിരിച്ചെടുത്ത കേന്ദ്ര സർക്കാരിന്റെ നടപടി റദ്ദുചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് കെ.എസ്.ഇ.ബി., ഗുജറാത്ത് പവർ കോർപ്പറേഷൻ, ഒറീസ്സ ഹൈഡ്രോ പവർ കോർപ്പറേഷൻ എന്നിവർ ചുമതലപ്പെടുത്തിയതനുസരിച്ച് BWCCL കമ്പനി ഒറീസ്സ ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഇതിൻമേൽ 2013 മാർച്ച് 19-ന് പുറപ്പെടുവിച്ച ഇടക്കാല |

ഉത്തരവിൽ, ബൈതരണി കൽക്കരിപ്പാടം കോടതിയുടെ അനുമതി കൂടാതെ മൂന്നാമതൊരു കക്ഷിക്ക് അനുവദിക്കരുതെന്ന് ഉത്തരവായിട്ടുണ്ട്. ഒറീസ്സ ഹൈക്കോടതിയിൽ നിന്നും കേസ് സുപ്രീം കോടതിയിലേയ്ക്ക് മാറ്റണമെന്ന കേന്ദ്ര കൽക്കരി മന്ത്രാലയത്തിന്റെ അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നത് 2014 ആഗസ്റ്റ് മാസത്തിലേയ്ക്ക് ഒറീസ്സ ഹൈക്കോടതി മാറ്റി വച്ചിരിക്കുകയാണ്.

| | | |
|---|---|---|
| (ഇ) | ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനോട് സംസ്ഥാനത്തിന്റെ ആവശ്യം വീണ്ടും ഉന്നയിക്കുകയുണ്ടായോ; വ്യക്തമാക്കുമോ ? | (ഇ) പുതിയ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് മുഖ്യമന്ത്രി മുൻഗണനാടിസ്ഥാനത്തിൽ സമർപ്പിക്കുന്ന കേരളത്തിന്റെ ആവശ്യങ്ങളിൽ ഈ വിഷയവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ